പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 937 14.06.2012-ലെ മറുപടിക്ക്

## പാഠ്യേതര പ്രവർത്തനമായി യോഗ, കൗൺസലിംഗ് എന്നിവ ഉൾപ്പെടുത്തൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പാലോട് രവി**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. വി.ഡി.സതീശൻ** | **ശ്രീ.പി. കെ. അബ്ദു റബ്ബ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാഠ്യേതര പ്രവർത്തനമായി വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസത്തോടൊപ്പം യോഗ, കൗൺസലിംഗ് എന്നിവകൂടി ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഒരു സിലബസ് നിശ്ചയിച്ച് ദിവസവും ഒരു പിരീഡ് ഇതിനായി അനുവദിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) ഇത് കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും എസ്.സി.ഇ.ആർ.ടിയും സംയുക്തമായി തയ്യാറാക്കി അച്ചടിക്ക് നൽകിയ കായികാദ്ധ്യാപകർക്കുള്ള അധ്യാപക സഹായിയിൽ യോഗയ്ക്ക് അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന്, എസ്.സി.ഇ.ആർ.ടി. സ്കൂൾ കൗൺസിലർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ കൗൺസലിംഗ് നൽകാനുള്ള നടപടികൾ ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ